## 57

# “പഴയതും പുതിയതുമായ വസ്തുക്കൾ”

**വായനാ ഭാഗം #23**

VI. മൂന്നാമത്തെ പെസഹ മുതൽ യേശു ബെഥാന്യയിൽ എത്തുന്നതുവരെ (തുടർച്ച).
- N. പിന്നീടുള്ള യെഹൂദ്യ ശുശ്രൂഷ (തുടർച്ച).
  - 6. യേശുവും പുരുഷാരവും (തുടർച്ച).
    - b. ഭൗതികത്വത്തെ കുറിച്ചുള്ള ഉപദേശം (ലൂക്കൊ.12:13–34).
    - c. സൂക്ഷിക്കേണ്ടതിനെ കുറിച്ചുള്ള ഉപദേശം (ലൂക്കൊ.12: 35–48).
    - d. ആസന്നമായ ആപത്തിനെകുറിച്ചുള്ള ഉപദേശം (ലൂക്കൊ. 12:49–59).
    - e. മാനസാന്തരത്തെകുറിച്ചുള്ള ഉപദേശം (ലൂക്കൊ.13:1–9).
  - 7. യേശുവും രോഗിയായ സ്ത്രീയും (ശബ്ബത്ത് വിവാദം) (ലൂ ക്കൊ.13:10–21).
- O. പ്രതിഷ്ഠോൽസവം (ലൂക്കൊ.13:22; യോഹ.10:22).
  - 1. തന്റെ ശത്രുക്കളുമായി ഏറ്റുമുട്ടൽ തുടരുന്നു (യോഹ. 10:23–30).
  - 2. അവനെ കൊല്ലുവാനുള്ള ശ്രമം തുടരുന്നു (യോഹ. 10:31–39).
- P. പെരയയിലെ ശുശ്രൂഷ.
  - 1. യേശുവിന്റെ ശുശ്രൂഷ “യോർദ്ദാനപ്പുറം” (യോഹ. 10:40–42; മത്താ.19:1, 2; മർക്കൊ. 10:1).

**മുഖവുര**

ഈ പാഠത്തിൽ, നാം പാലസ്തീന്റെ എല്ലാ ഭാഗത്തുമുള്ള യേശുവിന്റെ ശുശ്രുഷയുടെ അവസാന ഭാഗം പഠിക്കുന്നു. പിന്നീടുള്ള യെഹൂദ്യ ശുശ്രൂഷയും നോക്കിക്കൊണ്ട് നാം അവസാനിപ്പിക്കും, പ്രതിഷ്ഠോത്സവത്തിന് കർത്താവ് യെരുശലേമിൽ വന്നത് നോക്കുകയുംപിന്നെ അവന്റെ പെരയയിലെ ശുശ്രൂഷയെക്കുറിച്ച് പഠിക്കുവാൻ ആരംഭിക്കുകയും ചെയ്യും.

ക്രിസ്തുവിന്റെ ശത്രുക്കളുടെ പക വർദ്ധിച്ചപ്പോൾ, അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കേണ്ടതും അവർ അറിയേണ്ടതുമായ കാര്യങ്ങളെ ഇരട്ടിയായി വർദ്ധിപ്പിച്ചു. ഈ സമയത്ത് പഠിപ്പിച്ച ഉപദേശങ്ങൾ അധികവും വിപുലമാക്കുന്നവയായിരുന്നു. സത്യത്തിൻമേൽ സത്യം തലകറക്കുന്ന വിധത്തിൽ കുമിഞ്ഞ് കൂടിയിരുന്നു.

ഈ ഉപദേശത്തിലധികവും, മുൻപ് ഗലീലയിൽ വെച്ച് നൽകിയതിന്റെ ആവർത്തനമായിരുന്നു.[1] മുമ്പ് ശ്രദ്ധിച്ചതുപോലെ, അവന്റെ സദസ്യർ വ്യത്യാ

സമുള്ളവരായതുകൊണ്ട് അതു പ്രതീക്ഷിക്കാമായിരുന്നു. അതിനു പുറമെ, അവനോടുകൂടെ യാത്ര ചെയ്തിരുന്നവർക്ക് ആ സത്യങ്ങൾ വീണ്ടും വീണ്ടും കേൾക്കേണ്ട ആവശ്യം ഉണ്ടായിരുന്നു (നമുക്കും അതാവശ്യമാണ്; 2 പത്രൊസ് 1:12, 13, 15; 3:1). എങ്ങനെ ആയാലും അവൻ ആ സമയത്ത് പഠിപ്പിച്ചതിൽ ചിലത് പുതിയതുമായിരുന്നു. ഉദാഹരണത്തിനു, നമ്മുടെ ഇപ്പോഴത്തെ വേദഭാഗത്തിൽ നാം മുൻപ് പഠിച്ചിട്ടില്ലാത്ത പല ഉപമകളും ഉണ്ട്.

മുമ്പ്, ക്രിസ്തു “തന്റെ നിക്ഷേപത്തിൽ നിന്ന് പുതിയതും പഴയതും എടുത്തുകൊടുക്കുന്ന ഒരു വീട്ടുടയവനോട് സദൃശ്യപ്പെടുത്തി” പറയുന്നുണ്ട് (മത്തായി 13:52).[2] ഈ പഠനത്തിൽ, കർത്താവ് തന്റെ നിക്ഷേപത്തിൽ നിന്ന് “പഴയതും” “പുതിയതും,” ആയ സത്യങ്ങൾ എടുത്തു കൊടുക്കുന്നത് നാം കാണും.

## ദ്രവ്യാഗ്രഹത്തെക്കുറിച്ചുള്ള പഴയതും പുതിയതുമായ ഉപദേശങ്ങൾ (ലൂക്കൊ. 12:13-34)

### ഒരു പരാതി (വാ.13-15)

യേശു ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ (12:1), അവന് തടസം നേരിട്ടു: “ഒരുത്തൻ അവനോട് ‘ഗുരോ, ഞാനുമായി അവകാശം പകുതി ചെയ്‌വാൻ എന്റെ സഹോദരനോട് കൽപിച്ചാലും എന്നു പറഞ്ഞു’” (വാ.13). അത്തരം കാര്യങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ന്യായപ്രമാണം പഠിപ്പിച്ചിരുന്നു (ആവർത്തനപുസ്തകം 21:15–17). ചോദ്യങ്ങൾ ഉയരുമ്പോൾ, തർക്കങ്ങൾ പരിഹരിക്കുന്നത് റബ്ബിമാരുടെ പതിവായിരുന്നു. ഒരു പക്ഷെ (മിക്കപേരേയും പോലെ) ക്രിസ്തു ഭൗതിക രാജ്യം സ്ഥാപിക്കുമെന്ന് ആ മനുഷ്യൻ വിചാരിച്ചിരിക്കാം, തന്റെ കുടുംബ വഴക്കുകൾ തീർക്കുവാൻ ഉടൻ–രാജാവായി–തീരുവാൻ പോകുന്നവനെ വിളിക്കുവാൻ ആഗ്രഹിച്ചു.

യേശു ആ മനുഷ്യനെ ശാസിക്കുകയും (വാ.14) പിന്നെ പുരുഷാരത്തെ മന്നറിയിക്കുകയും ചെയ്തു, “സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ; ഒരുത്തന് സമൃദ്ധിയുണ്ടായാലും അവന്റെ വസ്തുവകയല്ല, അവന്റെ ജീവന് ആധാരമായിരിക്കുന്നത്”[3] (വാ.15). കെജെവിയിൽ “ദ്രവ്യാഗ്രഹത്തെ സൂക്ഷിച്ച് ഒഴിഞ്ഞ്നിൽക്ക: കാരണം മനുഷ്യന്റെ ജീവന് ആധാരമായിരിക്കുന്നത് അവന്റെ സമ്പൽസമൃദ്ധിയല്ല.” “അത്യാഗ്രഹം” അല്ലെങ്കിൽ “അതിമോഹം” അർത്ഥമാക്കുന്നത് “അമിതമായ ആഗ്രഹത്തെ” ആണ്, പുതിയനിയമത്തിൽ അതു “എല്ലായ്പ്പോഴും മോശമായ അർത്ഥത്തിലാണ്” ഉപയോഗിച്ചിരിക്കുന്നത്.[4] നിരവധി ആളുകൾ അധികം വേണമെന്ന് ആഗ്രഹമുള്ളവരാണ്, ആ ആഗ്രഹം ഒരിക്കലും തൃപ്തിപ്പെടാത്തതും മറ്റുള്ളവരെ കുറിച്ച് ചിന്തിക്കാതെ സ്വാർത്ഥമായി ചിന്തിക്കുന്നവരാണ്. ബൈബിൾ ഇതിനെ “ദ്രവ്യാഗ്രഹം” എന്ന് വിളിക്കുകയും അതിനെ ശക്തമായി ഖണ്ഡിക്കുകയും ചെയ്തിരിക്കുന്നു (എഫേസ്യർ 4:19; കൊലൊസ്യർ 3:5; 1 കൊരിന്ത്യർ 5:11 നോക്കുക).

### ഒരു ഉപമ (വാ.16-21)

തന്റെ ജീവന് ആധാരമായിരിക്കു*ന്നത്* “വസ്തുവകകളിലാണ്” എന്ന്

കരുതിയിരുന്ന ഒരു ധനിക കർഷകനെകുറിച്ചുള്ള ഉപമ ക്രിസ്തുപറഞ്ഞു (വാ.15; കെജെവി). ആ മനുഷ്യൻ ഒരു "മൂഢൻ" ആയിരുന്നു എന്ന് ദൈവം പറഞ്ഞു (വാ.20).[5]

**ഒരു വീക്ഷണം (വാ. 22-34)**

ധനികനായ മൂഢന്റെ ഉപമയെ തുടർന്ന് ജീവിതത്തിൽ വളർത്തിയെടുക്കേണ്ട ശരിയായ വീക്ഷണം നൽകിയിരിക്കുന്നു. ഇതിലധികവും, മുൻപ് മലപ്രസംഗത്തിൽ നല്കിയിട്ടുണ്ട്,[6] എന്നാൽ ഏതാനും പുതിയ വസ്തുതകളും അടങ്ങിയിരുന്നു. ഉദാഹരണത്തിന്, തന്റെ ശ്രോതാക്കളോട് രാജ്യം അന്വേഷിപ്പാൻ ആവശ്യപ്പെട്ടപ്പോൾ (വാ.31; മത്തായി 6:33 താരതമ്യം ചെയ്യുക), അവർക്ക് രാജ്യം നൽകുമെന്ന് അവൻ *ഉറപ്പു* കൊടുത്തിരുന്നു (വാ.32).[7]

വീണ്ടും, മലപ്രസംഗത്തിൽ, യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "സ്വർഗ്ഗത്തിൽ നിങ്ങളുടെ നിക്ഷേപം സ്വരൂപിപ്പിൻ" (മത്തായി 6:20). "ഒരു സ്വർഗ്ഗീയ നിക്ഷേപം" *എങ്ങനെ* നടത്താമെന്ന് അവൻ ഇപ്പോൾ പറയുന്നു; "നിങ്ങൾക്കുള്ളത് വിറ്റ് ഭിക്ഷകൊടുപ്പിൻ; കള്ളൻ അടുക്കയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്ക് ഉണ്ടാക്കിക്കൊൾവിൻ" (വാ.33).[8] നിങ്ങൾ തണുത്ത, ഈർപ്പമുള്ള തറയിൽ കിടക്കുമ്പോൾ നശിച്ചു പോകുന്ന വസ്തുക്കൾ തറയിൽ കിടക്കുന്നത് നിങ്ങളുടെ സ്നേഹിതൻ കാണുന്നു: തുണികോണ്ടുള്ള ബോൾട്ടുകൾ, വില കൂടിയ ആകർഷണീയമായ സാധനങ്ങൾ, എന്നിവ കണ്ടാലോ? മുകളിൽ ഉണങ്ങിയ സ്ഥലത്തേക്ക് അവയെല്ലാം മാറ്റട്ടെ എന്നു പറഞ്ഞാൽ അത് നിങ്ങൾക്ക് വലിയ ഉപകാരമായി തീരുകയില്ലേ?[9] ഫലത്തിൽ, യേശുപറഞ്ഞു, "നിങ്ങളുടെ നിക്ഷേപം കേട്കൂടാതെ ഇരിക്കണമെങ്കിൽ, അവയെ *മുകളിൽ സൂക്ഷിക്കുക*."

ലോകത്തിൽ കൂടുതൽ *സമ്പാദ്യങ്ങൾ* ശേഖരിക്കുന്നവർക്ക് ലൂക്കൊസ് 12:13–34 ലെ പാഠങ്ങൾ കൂടുതൽ ആവശ്യമാണ്. യേശുവിന്റെ വാക്കുകൾ നമുക്ക് വീണ്ടും വീണ്ടും കേൾക്കേണ്ട ആവശ്യമുണ്ട്: "ഒരു മനുഷ്യന്റെ ജീവന് ആധാരമായിരിക്കുന്നത് അവന്റെ വസ്തുവകകളല്ല."[10] അതിനെക്കുറിച്ച് ചിന്തിക്കുക: ഒരു മനുഷ്യന് നേടാവുന്ന സമ്പാദ്യങ്ങളുടെ കണക്ക് നോക്കിയല്ല അയാളുടെ വിജയവും പരാജയവും കണക്കാക്കുന്നത്. "ഒരു മനുഷ്യന്റെ ജീവിതത്തിലെ വസ്തുവിവരപ്പട്ടിക അവന്റെ വ്യാപാരത്തിലേതുപോലെ ആയിരിക്കയില്ല."[11] ഒരു മനുഷ്യൻ എന്താ*ണെന്നും* അവന് *എന്തുണ്ട്* എന്നതും വ്യത്യാസമുള്ള കാര്യമാണ്.

## ഒരുക്കത്തെക്കുറിച്ചുള്ള<br>പഴയതും പുതിയതുമായ ഉപദേശം (ലൂക്കോ.12:35-48)

**തയാറെടുപ്പിനെ പ്രോത്സാഹിപ്പിച്ചു (വാ.35-40)**

"സ്വർഗ്ഗീയനിക്ഷേപങ്ങളെ" കുറിച്ച് ക്രിസ്തു തന്റെ ഉപദേശം തുടർന്നു. അവൻ മടങ്ങിവരുമ്പോൾ അവരെ സ്വർഗ്ഗീയ ഭവനത്തിലേക്ക് ചേർക്കുവാൻ ഒരുങ്ങിയിരിക്കേണ്ടതിന് അവരെ പ്രോത്സാഹിപ്പിച്ചു: "മനുഷ്യപുത്രൻ നിനക്കാത്ത നാഴികയിൽ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ" (വ.40).[12]

ഏതു സമയത്തും ഒരുങ്ങിയിരിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിക്കൊടുക്കുവാൻ യേശു നിരവധി ചിത്രീകരണങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. വെവ്വേറെയുള്ള നാല് ഉപമകളെ ചിലർ ഇവിടെ കാണുന്നു:[13] കാത്തിരിക്കുന്ന ദാസന്മാരുടെ ഉപമ (വാ.36–38), രാത്രിയിലെ കള്ളന്റെ ഉപമ (വാ.39),[14] ബുദ്ധിയുള്ള കാര്യവിചാരകന്റെ ഉപമ (വാ.42–46), ബുദ്ധിയുള്ളതും ബുദ്ധിയില്ലാത്തതുമായ ദാസന്മാരുടെ ഉപമ (വാ.47, 48).

യജമാനൻ മടങ്ങി വരുന്നത് എപ്പോഴായാലും അവന്റെ വരവിനുവേണ്ടി ദാസന്മാർ ഒരുങ്ങിയിരിക്കേണ്ടതിന്റെ ആവശ്യകതക്ക് ഊന്നൽ നൽകുന്നതാണ് ആദ്യത്തെ ഉപമ.[15] ചിത്രീകരണത്തിൽ, യേശുപറഞ്ഞു, "യജമാനൻ വരുന്നേരം ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസന്മാർ ഭാഗ്യവാന്മാർ; അവൻ അരകെട്ടി അവരെ ഭക്ഷണത്തിന് ഇരുത്തുകയും വന്ന് അവർക്ക് ശുശ്രൂഷചെയ്യുകയും ചെയ്യും" (വാ.37). ഒരു ദാസനും-യജമാനനും ഒരുമിച്ച് ഇരിക്കുമ്പാൾ യജമാനൻ തന്റെ ദാസന്മാർക്ക് വിളമ്പുന്നത് ക്രിസ്തുവിന്റെ സദസ്യർക്ക് ഊഹിക്കുവാൻ പ്രയാസമായിരുന്നു – എന്നാൽ ദൈവം തന്നെ വിശ്വസ്തതയോടെ സേവിക്കുന്നവർക്ക് പ്രതിഫലം നൽകുമെന്ന് ഇത് വെളിപ്പെടുത്തുന്നു (മത്തായി 25:21; യോഹന്നാൻ 14:1–3; വെളിപ്പാട് 21:4).

## ഉത്തരവാദിത്വത്തെ ഊന്നിപ്പറഞ്ഞിരിക്കുന്നു (വാ.41-48)

ദാസന്മാരെ കുറിച്ച് യേശു ഉപദേശിച്ചത് തനിക്കും മറ്റ് അപ്പൊസ്തലന്മാർക്കും മാത്രമോ അതോ പൊതുവിൽ എല്ലാവരേയും ബാധിക്കുന്നതോ എന്ന ഒരു സംശയം പത്രൊസിനുണ്ടായി (വാ.41). മറ്റൊരു ദാസന്റെ ചിത്രീകരണം കൊണ്ടാണ് യേശു അതിന് പ്രതികരിച്ചത്[16] "തക്കസമയത്ത് ആഹാരവീതം കൊടുക്കേണ്ടതിന്ന് യജമാനൻ തന്റെ വേലക്കാരുടെ മേൽ ഒരു ദാസനെ ആക്കിയിട്ട്" യാത്ര പോകുന്നതിനെ കുറിച്ച് പറയുകയുണ്ടായി (വാ.42). യജമാനൻ മടങ്ങി വരുമ്പോൾ അവൻ വിശ്വസ്തതയോടെ തന്നെ ഏല്പിച്ച ജോലി ചെയ്തുകാണുകയാണെങ്കിൽ, യജമാനൻ അവനു പ്രതിഫലം നൽകും (വാ.43, 44). നേരെ മറിച്ച്, യജമാനൻ വരുമ്പോൾ കാര്യവിചാരകൻ തന്റെ അധികാരം ദുർവിനിയോഗം ചെയ്താൽ, അവനെ കഠിനമായി ശിക്ഷിക്കും (വാ.45, 46[17]). ദൈവജനമെന്നു കരുതുകയും എന്നാൽ തങ്ങളുടെ കടമകളിൽ അവിശ്വസ്തരായിരിക്കുകയും ചെയ്ത ശാസ്ത്രിമാരെയും പരീശന്മാരേയും പ്രായോഗികമാക്കാതെ ഈ വേദഭാഗം വായിക്കുക പ്രയാസമാണ് (മത്തായി 23:2 നോക്കുക; മത്തായി 9:36; യോഹന്നാൻ 10:12).

ക്രിസ്തു പിന്നെ പറഞ്ഞു, "യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ട് ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയുമിരിക്കുന്ന ദാസനു വളരെ അടികൊള്ളും. അറിയായ്കകൊണ്ടു അടിക്കു യോഗ്യമായതു ചെയ്തവന്നോ കുറയ അടി കൊള്ളും; വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും. അധികം ഏറ്റു വാങ്ങിയവനോട് അധികം ചോദിക്കും" (വാ.47, 48). നരകശിക്ഷ അനുഭവിക്കുമെന്നു പറയുമ്പോൾ, ഒരു പുതിയ ഉപദേശം നൽകുകയായിരുന്നില്ല യേശുവിന്റെ ഉദ്ദേശം.[18] മറിച്ച്, *നേട്ടം ഉത്തരവാദിത്വത്തെ* കൊണ്ടുവരുന്നതായിട്ടായിരുന്നു അവൻ പറഞ്ഞത്. അവൻ തുടരുന്നു: "വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും; അധികം ഏറ്റുവാങ്ങിയവനോട് അധികം ചോദിക്കും" (വാ.48) നേട്ടങ്ങൾ വർദ്ധിക്കുമ്പോൾ, ഉത്തരവാദിത്വങ്ങളും വർദ്ധിക്കും (യാക്കൊബ് 3:1 നോക്കുക).

ക്രിസ്തുവിന്റെ ഉപദേശം പൊതുവിലുള്ളതോ, അതോ പ്രത്യേകിച്ച് അവർക്കുള്ളതോ എന്ന പത്രൊസിന്റെ ചോദ്യത്തിനു (ലൂക്കൊസ് 12:41), ഫലത്തിൽ, "*രണ്ടു*വിധത്തിലുമായിരുന്നു." ദൈവം പ്രത്യേക–ഉത്തരവാദിത്വം നല്കിയിട്ടുള്ള ഏതൊരാളെയും *പൊതുവിൽ* ബാധിക്കുന്നതാണ് അത്. കർത്താവിന്റെ പ്രതികരണത്തെ ന്യൂ ലിവിങ്ങ് ട്രാൻസ്ലേഷൻ ഇങ്ങനെ പറയുന്നു: "യജമാനൻ ... ഉത്തരവാദിത്വം നല്കിയ ഏതൊരു ബുദ്ധിയും, വിശ്വസ്തതയുമുള്ള *ദാസനെ* കുറിച്ചാണ് ഞാൻ പറയുന്നത് ..." (വാ. 42; എംഫസിസ് മൈൻ). എങ്കിൽ, എങ്ങനെയായാലും, പത്രൊസും മറ്റു അപ്പൊസ്തലന്മാരും വിവേചിക്കുകയായിരുന്നു, ആ ഉപമയിൽ അവരെ ബാധിക്കുന്ന *പ്രത്യേകതയുണ്ട്* എന്നു അവർ മനസിലാക്കേണ്ടിയിരുന്നു. കർത്താവ് അവർക്ക് "അധികം" നൽകി; അതുകൊണ്ട് അവരിൽനിന്ന് "അധികം" ആവശ്യപ്പെട്ടു. ലൂക്കൊസ് 12:47, 48 *നമ്മോടും* സംസാരിക്കുന്നതാണെന്ന് നാം തിരിച്ചറിയണം:ദൈവം നമുക്ക് അധികം നൽകിയിട്ടില്ലേ?[19] അതുകൊണ്ട്, നമ്മിൽനിന്ന് അധികം ആവശ്യപ്പെടുന്നില്ലേ? "ചെവി ഉള്ളവൻ, കേൾക്കട്ടെ" (വെളിപ്പാട് 2:7).

## ത്യജിക്കലിനെ കുറിച്ച് പഴയതും പുതിയതുമായ ഉപദേശം (ലൂക്കൊ.12:49-59)

### ത്യജിക്കൽ സമാധാനത്തെ നശിപ്പിക്കുന്നു (വാ.49-53)

തന്റെ മടങ്ങിവരവിനെ കുറിച്ച് യേശു സംസാരിച്ചപ്പോൾ (12:40), മരണം അടക്കം പല കാര്യങ്ങളും, അതിനു മുൻപ് സംഭവിക്കേണ്ടതു ഉൾപ്പെടുത്തിയാണ് സംസാരിച്ചത്: "ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു, അതു ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളായിരുന്നു; എന്നല്ലാതെ ഞാൻ മറ്റെന്തു ഇച്ഛിക്കേണ്ടു! എങ്കിലും എനിക്ക് ഒരു സ്നാനം ഏല്പാൻ ഉണ്ട്, അതു കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു!" (വാ.49, 50). "സ്നാനം" എന്ന് അവിടെ പറഞ്ഞിരിക്കുന്നത്, അവന്റെ കഷ്ടത എന്ന സ്നാനത്തെ കുറിച്ചാണ്.[20] ക്രൂശിന്റെ അഗ്നിപരീക്ഷയായിരുന്നു ക്രിസ്തുവിന്റെ പിന്നിലുണ്ടായിരുന്നത്. ഏ. റ്റി. റോബർട്ട്സൺ എഴുതി, "ആ സ്ഫോടനം ... നമ്മുടെ രക്ഷകന്റെ ഉള്ളിൽ അടച്ചിരുന്ന വികാരത്തെ മനസിലാക്കുവാൻ നമ്മെ സഹായിക്കും."[21]

"ഭൂമിയിൽ തീ ഇടുന്നത്" അവന്റെ ശുശ്രൂഷയുടെ അനന്തരഫലം ഭയാനകമായിരിക്കുമെന്ന് സൂചിപ്പിക്കുന്നു. യേശു തുടരുന്നു, "ഭൂമിയിൽ സമാധാനം നൽകുവാൻ ഞാൻ വന്നിരിക്കുന്നു എന്നു തോന്നുന്നുവോ? അല്ലല്ല, ഛിദ്രം വരുത്തുവാനത്രേ" (വാ.51; മത്തായി 10:34 നോക്കുക). ക്രിസ്തു പറഞ്ഞ ആ പ്രസ്താവനയെ തെറ്റിദ്ധരിക്കരുത്. അവൻ ഭിന്നതയല്ല, സമാധാനമാണ് ആഗ്രഹിക്കുന്നത്. അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "അന്യോന്യം സമാധാനം ഉള്ളവരായിരിപ്പിൻ." (മർക്കൊസ് 9:50). കർത്താവിനെ അനുഗമിക്കുന്ന എല്ലാവരോടും കല്പിച്ചിരിക്കുന്നു, "എല്ലാവരോടും സമാധാനം ആചരിപ്പിൻ" (എബ്രായർ 12:14).[22] അതേസമയം, ചിലർ അവനെ സ്വീകരിക്കുമെന്നും ചിലർ അവനെ ത്യജിക്കുമെന്നും അവനു അറിയാമായിരുന്നു – അതാണ് ഭിന്നതയുണ്ടാക്കുന്നത്.

“ഇനിമേൽ ഒരു വീട്ടിൽ ഇരുവരോട് മൂവരും മൂവരോട് ഇരുവരും ഇങ്ങനെ അഞ്ചുപേർ തമ്മിൽ ഛിദ്രിച്ചിരിക്കും. അപ്പൻ മകനോടും മകൻ അപ്പനോടും അമ്മ മകളോടും മകൾ അമ്മയോടും അമ്മാവി-യമ്മ മരു-മക-ളോടും മരു-മകൾ-അമ്മാവി-യമ്മ-യോടും ഛിദ്രിച്ചിരിക്കും” (ലൂക്കൊസ് 12:52,53; മത്തായി 10:35, 36 നോക്കുക).[23]

നിങ്ങളിൽ ചിലർക്ക് മുകളിൽ പറഞ്ഞ വേദഭാഗം എന്നേക്കാൾ നന്നായി മനസിലാകുമായിരിക്കും. എവിടെയെല്ലാം അപ്രകാരമുള്ള ഭിന്നത സംഭവിക്കുന്നുവോ, അപ്പോഴെല്ലാം കർത്താവിന്റെ ഹൃദയം വേദനിക്കും.

**ത്യജിക്കൽ അവബോധത്തെ നശിപ്പിക്കുന്നു (വാ.54-59)**

ക്രിസ്തുവിനെ കേട്ടുകൊണ്ടിരുന്നതിൽ പലരും അവനെ ത്യജിച്ചുകളഞ്ഞിരുന്നു (വാ.56). ന്യായവിധി നടത്തുമ്പോൾ അവർ കുറ്റക്കാരായിരിക്കുമെന്ന് അവൻ പറഞ്ഞു (വാ.57). അവൻ മശിഹയായിരുന്നുവെന്ന് തെളിയിക്കുന്ന-അവന്റെ ഉപദേശങ്ങളും അവന്റെ ജീവിതവും. അവന്റെ അത്ഭുതങ്ങളും – “അടങ്ങുന്ന അടയാളങ്ങൾ വായിക്കുവാൻ” അവർക്ക് കഴിയുന്നില്ലെന്ന് അവൻ അവരെ കുറ്റപ്പെടുത്തി (വാ.54–56; മത്തായി 26:2, 3 നോക്കുക). ഒരുപക്ഷെ കുടുംബവഴക്ക് തീർക്കുവാൻ തന്നോട് ആവശ്യപ്പെട്ട ആ മനുഷ്യനെ അവൻ ഓർമിച്ചിരിക്കാം, നിങ്ങൾ മറ്റുള്ളവരെ സഹിക്കേണ്ടത് ആവശ്യമാണ് (വാ.58, 59; അതിനെ മത്തായി 5:25, 26 മായി താരതമ്യം ചെയ്യുക). ഒരാൾ ക്രിസ്തുവിനെ തള്ളിക്കളയുമ്പോൾ, അത് അവന്റെ ചിന്തയെതന്നെ ബാധിക്കുന്നു.

## മാനസാന്തരത്തെക്കുറിച്ച് പഴയതും പുതിയതുമായ ഉപദേശം (ലൂക്കൊ 13:1-9)

**മാനസാന്തരപ്പെടുക അല്ലെങ്കിൽ നശിക്കുക (വാ.1-5)**

യേശു തന്റെ ഉപദേശം തുടർന്നപ്പോൾ (വാ.1), അവന് വീണ്ടും തടസ്സം നേരിട്ടു – അത് അവിടെ ഉണ്ടായിരുന്ന ചിലർ “പീലാത്തോസ് ചില ഗലീലക്കാരുടെ ചോര അവരുടെ യാഗങ്ങളോട് കലർത്തിയ വർത്തമാനം അവനോട് അറിയിച്ചതായിരുന്നു” (വാ.1).[24] ആ തടസ്സത്തെ ക്രിസ്തു മാനസാന്തരത്തെകുറിച്ച് ഉപദേശിപ്പാനുള്ള അവസ്സരമാക്കിമാറ്റി:

ആ ഗലീലക്കാർ ഇതു അനുഭവിക്കയാൽ എല്ലാ ഗലീലക്കാരിലും പാപികൾ ആയിരുന്നു എന്ന് നിങ്ങൾക്ക് തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളെല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. അല്ലാ, ശീലോഹോമിലെ[25] ഗോപുരം വീണ് മരിച്ചുപോയ ആ പതിനെട്ടുപേർ യെരുശലേമിൽ പാർക്കുന്ന സകല മനുഷ്യരിലും കുറ്റക്കാർ ആയിരുന്നു എന്ന് തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളെല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു (വാ.2–5).

മുകളിൽ പറഞ്ഞ വിപത്തുകളെകുറിച്ച് ചരിത്രം ഒന്നും പറയുന്നില്ല

കുറ്റക്കാർ ആരായിരുന്നാലും അവർ തങ്ങളുടെ പാപങ്ങൾക്ക് യോജിച്ച കഷ്ടത അനുഭവിക്കണമെന്ന് യെഹൂദന്മാർ തീർപ്പാക്കിയിരുന്നു. ഒരു വ്യക്തി യുടെ കഷ്ടത കണ്ട് അയാളെ വിധിക്കുവാൻ പാടില്ല എന്ന് മുമ്പ് കർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു (യോഹന്നാൻ 9:3).[26] *എല്ലാവരും* പാപികളാണ് എന്നും (റോമർ 3:23), അവർ മരണയോഗ്യരാണെന്നും അവൻ പറയുന്നു (റോമർ 6:23 നോക്കുക). അവൻ തീർപ്പാക്കിയത് എന്തെന്നാൽ "*നിങ്ങൾ* മാനസാന്തരപ്പെട്ടില്ല എങ്കിൽ നിങ്ങളെല്ലാവരും നശിച്ചുപോകും'' (ലൂക്കൊസ് 13:3, 5; എംഫസിസ് മൈൻ). ജീവിതത്തിൽ മാറ്റം ഉണ്ടാകുന്ന വിധത്തിൽ മനസ്സ് മാറുന്നതാണ് മാനസാന്തരം. അത് പാപത്തിന്റെ ഭീക രത്വം തിരിച്ചറിയുന്നതും ഒരാളുടെ ജീവിതം കർത്താവിന്റെ സഹായത്തോ ട്കൂടി മാറ്റുവാൻ തീരുമാനിക്കുന്നതുമാണ്. ഓരോ വ്യക്തിയുടേയും ജീവി തത്തിൽ ഉണ്ടാകേണ്ട ഏറ്റവും വലിയ ആവശ്യമാണ് മാനസാന്തരം.

**മാനസാന്തരപ്പെടുക അല്ലെങ്കിൽ ഛേദിക്കപ്പെടും (വാ.6-9)**

ദൈവം ദീർഘക്ഷമയുള്ളവനാണ് എന്നതിന് ഊന്നൽകൊടുക്കുന്ന ഒരു ഉപമ പിന്നെ ക്രിസ്തു പറഞ്ഞു (റോമർ 2:4; 2 പത്രൊസ് 3:9 നോക്കുക), എന്നാൽ അവന്റെ കരുണക്ക് പരിധിയുണ്ട് (റോമർ 2:5, 6; യിരെമ്യാവ് 8:20; ആമോസ് 4:12 നോക്കുക). അത്തി ഫലം കായ്ക്കുമോ എന്ന് മൂന്നുവർഷം നോക്കുകയും കാണാതിരിക്കയും ചെയ്ത സംഭവം അവൻ പറഞ്ഞു.[27] അതിന് ഒരവസരം കൂടെ കൊടുക്കേണ്ടതായിരുന്നു. ഒരു വർഷം കൂടെ നനക്കുകയും വളമിടുകയും ചെയ്തിട്ടും ഫലം കായ്ച്ചില്ലെങ്കിൽ, പിന്നെ അതിനെ മുറിച്ചുകളയുകയത്രേ വേണ്ടത്. ഫലം കായ്ക്കാത്ത അത്തി *പ്രയോ ജനമില്ലാത്തതത്രേ*. എന്നാൽ അത് അതിനേക്കാൾ അധികമായിരുന്നു; അത് *തടസം* കൂടെ ആയിരുന്നു, ഫലം-കായ്ക്കുന്ന സസ്യങ്ങളുടെ വളവും സ്ഥലവും അത് *എടുത്തിരുന്നു*. അതിനെ മുറിച്ചു കളയേണ്ടതാണ്.

ഇതിനെ ഒരു ദേശമായ യെഹൂദന്മാരിൽ പ്രായോഗികത കാണുവാൻ കഴിയും ഏതാണ്ട് മൂന്ന് വർഷക്കാലം യേശു അവരോടൊപ്പം ഉണ്ടായിരുന്നു; എന്നാൽ, അവിശ്വാസം നിമിത്തം അവർ ഫലം കായ്ക്കാതിരുന്നു. അവർക്ക് ഒരവസരം കൂടി കൊടുക്കും: ക്രിസ്തു ഏതാനും മാസങ്ങൾ കൂടെ അവ രോടുകൂടെ ഉണ്ടാകും. പിന്നെ, അവന്റെ ആരോഹണത്തിനുശേഷം, മനു ഷ്യരുടെ പാപത്തെ ബോധ്യപ്പെടുത്തേണ്ടതിന് അവൻ പരിശുദ്ധാത്മാവിനെ യെരുശലേമിലേക്ക് അയക്കുകയും (യോഹന്നാൻ 16:8) അവന്റ രാജ്യം സ്ഥാപിക്കയും ചെയ്യും.[28] അതിന്റെ ശേഷം, അവർ എന്നിട്ടും മാനസാന്തര പ്പെട്ടില്ല എങ്കിൽ ദൈവ ജനത്തിൽനിന്ന് അവരെ "ഛേദിച്ചുകളയും." നാശം വിതക്കുവാൻ പോകുന്നു.[29]

എങ്ങനെയായാലും, നാം, മറ്റുള്ളവരിൽ മാത്രം പ്രായോഗികത വരുത്ത രുത്. കർത്താവിന്റെ ഉപദേശം നമ്മിലോരോരുത്തരിലും വ്യക്തിപരമായി ഉണ്ടാകുവാനാണ് അവൻ ആഗ്രഹിക്കുന്നത്. മാനസാന്തരപ്പെടുവാനും, ഫലം കായ്ക്കുവാനും ദൈവം എല്ലാവർക്കും അവസരം നൽയിട്ടുണ്ട്.[30] നമ്മുടെ അവസരങ്ങളെ നാം ഉപേക്ഷിച്ചാൽ ഒരു സമയത്ത് അവൻ പറയും, "അതു മതി! ഫലം കായ്ക്കാത്തവരെ ഛേദിച്ചുകളവീൻ!" ബുദ്ധിയുള്ളവരെ ഈ വചനം കേൾപ്പിൻ, അധികം താമസിക്കുന്നതിനുമുമ്പ് മാനസാന്തരപ്പെട്ട് മാറു വാനുള്ള സമയം *ഇപ്പോഴാണ്*.

## സന്തോഷിക്കുന്നതിനെക്കുറിച്ച് പഴയതും പുതിയതുമായ ഉപദേശം (ലൂക്കൊ 13:10-21)

**സന്തോഷിച്ചിട്ടില്ലാത്തവർ (വാ.10-17)**

ഒരു ദിവസം, ശബ്ബത്ത്നാളിൽ യേശു പള്ളിയിൽ ഉപദേശിച്ച്കൊണ്ടിരുന്നപ്പോൾ അവിടെ പതിനെട്ട് സംവത്സരമായി ഒരുരോഗാത്മാവ് ബാധിച്ചിട്ട് ഒട്ടും നിവരുവാൻ കഴിയാത്ത കൂനിയായിരുന്ന ഒരു സ്ത്രീയെ അവൻ സൗഖ്യമാക്കി (വാ.10–13).[31] ആ അത്ഭുതത്തെ തുടർന്ന് മറ്റൊരു ശബ്ബത്ത് വിവാദം ഉണ്ടായി (വാ.14).[32] മുമ്പ് ശബ്ബത്തിൽ കിണറ്റിൽ വീഴുന്ന മൃഗത്തെ കയറ്റുന്ന ഉദാഹരണം ക്രിസ്തു പറയുകയുണ്ടായി (മത്തായി 12:11, 12). ഈ സമയത്ത് അവൻ അതേപോലെയുള്ള ഒരു ചിത്രീകരണം ഉപയോഗിച്ചിരിക്കുന്നു:

> കർത്താവ് അവരോട് കപടഭക്തിക്കാരെ നിങ്ങളിൽ ഒരുത്തൻ ശബ്ബത്തിൽ തന്റെ കാളയേയോ കഴുതയേയോ തൊട്ടിയിൽ നിന്ന് അഴിച്ചുകൊണ്ട്പോയി വെള്ളം കുടിപ്പിക്കുന്നില്ലയോ? എന്നാൽ സാത്താൻ പതിനെട്ട് സംവത്സരമായി ബന്ധിച്ചിരുന്ന അബ്രഹാമിന്റെ മകളായ ഇവളെ ഈ ശബ്ബത്ത്നാളിൽ ഈ ബന്ധനം അഴിച്ചുവിടേണ്ടതല്ലയോ? (വാ.15, 16).

ഒരിക്കൽകൂടെ അവന്റെ എതിരാളികൾ മറുപടിയില്ലാതെ "തരം താഴ്ത്തപ്പെട്ടു" (വാ.17).

**സന്തോഷിച്ചവർ (വാ.17-21)**

ക്രിസ്തുവിന്റെ ശത്രുക്കൾ സന്തോഷിച്ചില്ല. എന്നാൽ അവിടെ സന്നിഹിതരായിരുന്ന മിക്കപേരും – "അവനാൽ നടക്കുന്ന സകല മഹിമകളാലും" സ്ത്രീക്ക് ലഭിച്ച സൗഖ്യത്താലും അതിയായി സന്തോഷിച്ചു (വാ.17). ഭാവിയിൽ ലഭിക്കുവാനിരിക്കുന്ന സ്വീകരണത്തെയാണ് ആ സന്തോഷം സൂചിപ്പിച്ചത്. രാജ്യത്തിന്റെ ക്രമേണയുള്ള വളർച്ചയെ പ്രതീക്ഷിക്കുന്ന രണ്ട് ഉപമകൾ യേശു ആവർത്തിച്ചു (വാ.18–21; മത്തായി 13:31–33[33]).

## അവിശ്വാസത്തെക്കുറിച്ച് പഴയതും പുതിയതുമായ ഉപദേശം (ലൂക്കൊ. 13:22; യോഹ. 10:22-39)

രണ്ട് ഉപമകളെ ലൂക്കൊസ് രേഖപ്പെടുത്തിയശേഷം, അവൻ എഴുതി, "ക്രിസ്തു ഒരു പട്ടണത്തിൽനിന്ന് അടുത്തഗ്രാമത്തിലേക്ക് പോകുകയും ഉപദേശിക്കയും യെരുശലേമിലേക്കുള്ള വഴിയിൽ നടക്കുകയും ചെയ്തു" (ലൂക്കൊസ് 13:22). ആ വസ്തുത സൂചിപ്പിക്കുന്നത് എന്തെന്നാൽ, കർത്താവ് എവിടെയെല്ലാം സഞ്ചരിച്ചാലും, അവന്റെ ഉള്ളിൽ ഉണ്ടായിരുന്നത് അവസാനത്തെ ലക്ഷ്യ സ്ഥലമായിരുന്നു. നേരെമറിച്ച്, യേശു യെരുശലേമിലേക്ക് ആ സമയത്ത് യാത്ര ചെയ്തതാകാം സൂചിപ്പിച്ചത്. യെഹൂദ്യ ശുശ്രൂഷയുടെ അവസാന സമയത്താണ് അവൻ നഗരത്തിലേക്ക് പോയതെന്ന് യോഹന്നാന്റെ വിവരണം പറയുന്നു (യോഹന്നാൻ 10:22–39).

യേശു പ്രതിഷ്ഠോത്സവത്തിന് യെരുശലേമിലേക്ക് പോയി (യോഹന്നാൻ

10:22). ആ ഉത്സവം യെഹൂദന്മാരുടെ സ്ഥാപിതമായ മുഖ്യ ഉത്സവങ്ങളിൽ അവസാനത്തേതായിരുന്നു.[34] അത് ആരംഭിച്ചത് രണ്ട് നിയമങ്ങൾക്കിടയിലുള്ള മെക്കാബ്യൻ സ്വാതന്ത്ര്യ കാലത്തായിരുന്നു. ദൈവാലയത്തിന്റെ പുനസമർപ്പണത്തെ[35] ഓർമ്മിച്ച് ആഘോഷിക്കുന്നതായിരുന്നു അത് (ഏതാണ്ട് ബി.സി. 165–ൽ), ആന്റിയോക്കസ് എപ്പിഫാനസിനാൽ മലിനമാക്കപ്പെട്ടശേഷമായിരുന്നു അത്. ഇന്ന്, ആ പെരുന്നാൾ "ഡെഡിക്കേഷൻ" എന്ന വാക്കിനുള്ള എബ്രായ വാക്കായ:ഹനുക്കാ (അല്ലെങ്കിൽ ചാനുക്കാ) എന്നാണ് നന്നായി അറിയപ്പെടുന്നത്. പെരുന്നാൾ വരുന്നത് ഡിസംബറിലാണ് (യോഹന്നാൻ 10:23 നോക്കുക). യേശുവിന്റെ കാലത്ത് പെരുന്നാൾ എട്ടു ദിവസം നീണ്ടു നില്ക്കുകയും[36] സാധാരണ ധാരാളം പുരുഷാരം പങ്കെടുക്കുകയും ചെയ്തിരുന്നു.

**വാക്കുകളാൽ അവിശ്വാസം കാണിക്കുന്നു (യോഹ. 10:23-30)**

ആഘോഷങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ "യേശു ശലോമോന്റെ മണ്ഡപത്തിലായിരുന്നു" (വാ.23).[37] ജാതികളുടെ പ്രാകാരത്തിലെ കിഴക്കു വശത്തെ മറച്ചിരുന്ന ഭാഗമായിരുന്നു അത്.[38.] യെഹൂദപ്രമാണിമാർ ചുറ്റും കൂടിയിരുന്നു,[39] "നീ എത്രത്തോളം ഞങ്ങളെ ആശിപ്പിക്കുന്നു? നീ ക്രിസ്തു എങ്കിൽ പറക" എന്ന വെല്ലുവിളി ഉയർത്തി (വാ.24). താൻ മശിഹ ആണെന്ന് പര്യായ പദത്തിലൂടെ കർത്താവ് പറയുകയുണ്ടായി,[40] എന്നാൽ പരസ്യമായി "ഞാൻ ക്രിസ്തു ആണെന്ന്" അവൻ പറഞ്ഞില്ല.[41] എങ്ങനെയായാലും, ആ അവകാശം ഉന്നയിക്കാം. തന്റെ ഉപദേശത്താലും പ്രവർത്തിയാലും അവൻ മശിഹ/ക്രിസ്തു ആണെന്നു കാണിച്ചുകൊടുത്തു (വാ.25, 37, 38).[42]

തീർച്ചയായും, അവനിൽ അവർ വിശ്വസിക്കാതിരിക്കേണ്ടതിന് ആ ചോദ്യം അവന്റെ ശത്രുക്കൾ അവനോട് ചോദിച്ചില്ല. അവർ അവനെ കൊല്ലേണ്ടതിന് അവനിൽ ദൈവദൂഷണ കുറ്റം കണ്ടെത്തുവാനായിരുന്നു അവരുടെ ശ്രമം.[43] യേശു അവരോട് പറഞ്ഞു, "ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ട്, എങ്കിലും നിങ്ങൾ വിശ്വസിക്കുന്നില്ല; എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്ക് സാക്ഷ്യം ആകുന്നു; നിങ്ങളോ എന്റെ ആടുകളുടെ കൂട്ടത്തിലുള്ളവരല്ലായ്കയാൽ വിശ്വസിക്കുന്നില്ല" (വാ. 25, 26).

മുന്നദ്ധ്യായത്തിൽ പറഞ്ഞ നല്ല ഇടയൻ എന്ന ചിത്രീകരണത്തിൽനിന്നായിരുന്നു അവൻ തന്റെ "ആടുകൾ" എന്ന പ്രയോഗം നടത്തിയത് (വാ. 1–18). ആടുകളെക്കുറിച്ച് തനിക്കും തന്റെ പിതാവിനും ഉള്ള കരുതലിനെകുറിച്ചായിരുന്നു അവൻ സംസാരിച്ചത് (വാ.27–29[44]) – അതായത് അവനിൽ വിശ്വസിച്ച് അവനെ അനുഗമിച്ചവർ. അവൻ പറഞ്ഞു, "ഞാനും പിതാവും ഒന്നാകുന്നു" (വാ.30).

**പ്രവൃത്തികളാൽ അവിശ്വാസത്തെ കാണിക്കുന്നു (യോഹ. 10:31-39)**

ക്രിസ്തുവിന്റെ ധിക്കാരം അവന്റെ ശത്രുക്കളെ കോപാകുലരാക്കി, ഒരിക്കൽകൂടെ അവനെ കല്ലെറിഞ്ഞു കൊല്ലുവാൻ ശ്രമിച്ചു (വാ. 31; യോഹന്നാൻ 8:59 നോക്കുക). "ദൈവദൂഷണം നിമിത്തവും, നീ മനുഷ്യനായിരിക്കെ നിന്നെത്തന്നെ ദൈവം ആക്കുന്നതുകൊണ്ടത്രെ ഞങ്ങൾ നിന്നെ

കല്ലെറിയുന്നത്" എന്ന് അവർ പറഞ്ഞു (10:33). ദൈവത്തിന്റെ പ്രതിനിധികളെ ന്യായപ്രമാണം ചിലപ്പോൾ "ദേവന്മാർ" എന്ന് വിളിച്ചിട്ടുണ്ട് (വാ.34; സങ്കീർത്തനങ്ങൾ 82:6 നോക്കുക).[45] അതു ദൈവദൂഷണം അല്ലെങ്കിൽ, വാസ്തവത്തിൽ "ദൈവം" എന്ന് വിളിക്കുന്നവൻ അതു സൂചിപ്പിച്ചാൽ ഒരിക്കലും ദൈവദൂഷണം ആകയില്ലല്ലൊ. (വാ.35,[46] 36)! അവൻ വാസ്തവത്തിൽ ദൈവപുത്രനാണോ എന്നറിയുവാൻ തന്റെ പ്രവൃത്തികളെ (അത്ഭുതങ്ങളെ) ശോധന ചെയ്യുവാൻ അവരെ വെല്ലുവിളിക്കുകയായിരുന്നു (വാ.37, 38).

ശ്രദ്ധിക്കുവാൻ അവർ മടിച്ചതുകൊണ്ട്, അവർ അവനെ പിടിപ്പാൻ ശ്രമിച്ചു (വാ.39; യോഹന്നാൻ 7:44 നോക്കുക). വീണ്ടും, അവർ പിടിക്കാത വണ്ണം അവൻ ഒഴിഞ്ഞുമാറി (വാ.39; യോഹന്നാൻ 8:59 നോക്കുക).

## ക്രിസ്തുവിന്റെ വിചാരത്തെ കുറിച്ച് പഴയതും പുതിയതുമായ ഉപദേശം (മത്താ.19:1, 2; മർക്കൊ.10:1; ലൂക്കൊ. 13:23-35; യോഹ. 10:40-42)

യേശുവിന്റെ നേരെ ഒരിക്കൽകൂടെ യെരുശലേം വാതിലടച്ചു. അവിടെ സന്നിഹിതരായിരുന്നവർക്ക് വേണ്ടിയായിരുന്നു അവന്റെ പ്രവൃത്തി.[47] അവനും അവന്റെ ശിഷ്യന്മാരും പിന്നെ യെഹൂദ്യ വിട്ട് കിഴക്ക് മൂന്നു വർഷം മുൻപ് അവൻ സ്നാനപ്പെട്ട സ്ഥലത്തേക്ക് പോയി: "അവൻ യോർദ്ദാനക്കരെ യോഹന്നാൻ ആദിയിൽ സ്നാനപ്പെടുത്തിക്കൊണ്ടിരുന്ന സ്ഥലത്ത് പിന്നെയും ചെന്ന് അവിടെ പാർത്തു" (10:40). ആ സ്ഥലം പെരെയ എന്നറിയപ്പെട്ടിരുന്നു.[48]

ഒരു യെഹൂദ പ്രദേശമായിട്ടായിരുന്നു പെരെയ കാണപ്പെട്ടത്. അവരുടെ മതപരവും സാമൂഹ്യവുമായ നിയമങ്ങൾ ഗലീലിയിലും യെഹൂദ്യയിലും ഉള്ളവരുടേതുതന്നെയായിരുന്നു. എങ്ങനെയായാലും, അതിനെ നദിക്ക് പടിഞ്ഞാറുള്ളവർ അപ്രധാന സ്ഥലമായി കണക്കാക്കിയിരുന്നു. ക്രിസ്തുവിനു ആ അഭിപ്രായം ഉണ്ടായിരുന്നില്ല; രക്ഷിക്കപ്പെടേണ്ട ആളുകൾ നിറഞ്ഞ സ്ഥലമായിരുന്നു പെരെയ. അവൻ അടുത്ത $3^1/_2$ മാസത്തോളം അവിടെ ചെലവഴിച്ചു.[49]

ആ പുതിയ ഏർപ്പാടിൽ അവൻ വിജയം ആസ്വദിച്ചു: "വലിയ പുരുഷാരം അവനെ അനുഗമിച്ചു" (മത്തായി 19:2). അവൻ അവരെ ഉപദേശിച്ചു (മർക്കൊസ് 10:1), അവരെ സൗഖ്യമാക്കി (മത്തായി 19:2), ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തു (ലൂക്കൊസ് 13:32). "പലരും അവന്റെ അടുക്കൽ വന്നു, യോഹന്നാൻ അടയാളം ഒന്നും ചെയ്തിട്ടില്ല,[50] എന്നാൽ അവനെ കുറിച്ച് 'യോഹന്നാൻ പറഞ്ഞത് ഒക്കെയും സത്യമായിരുന്നു എന്നു പറഞ്ഞു' അവിടെ പലരും അവനിൽ വിശ്വസിച്ചു" (യോഹന്നാൻ 10:41, 42).

യേശുവിന്റെ പെരെയ ശുശ്രൂഷയിലെ രണ്ടു സംഭവങ്ങളോടുകൂടി നാം ഈ പാഠം അവസാനിപ്പിക്കുകയാണ്: യേശുവിൽ*നിന്നുള്ള* മുന്നറിയിപ്പും യേശുവി*നുള്ള* മുന്നറിയിപ്പും.

### യേശുവിൽനിന്നുള്ള മുന്നറിയിപ്പ് (ലൂക്കൊ. 13:23-30)

ഒരു ദിവസം, ക്രിസ്തു ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ, ഒരാൾ ചോദിച്ചു, "കർത്താവേ, രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ?" (ലൂക്കൊസ് 13:23). മാന

സാന്തരപ്പെട്ടില്ലെങ്കിൽ എല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും എന്ന മുന്നുപദേശം നിമിത്തമാകാം അവർ അങ്ങനെ ചോദിച്ചത് (ലൂക്കൊസ് 13:1–5). മലമ്പ്രസംഗത്തിൽ, രക്ഷിക്കപ്പെടുന്നവർ ചുരുക്കമെന്ന് അവൻ പറഞ്ഞിരുന്നു (മത്തായി 7:13, 14). ആർ രക്ഷിക്കപ്പെടും ആർ രക്ഷിക്കപ്പെടുകയില്ല എന്ന് സംയോജിപ്പിച്ച് നൽകുന്നതായിരുന്നു ഇപ്പോഴത്തെ പ്രതികരണം:

- രക്ഷക്കുള്ള വഴി ഇടുങ്ങിയതും പ്രയാസമുള്ളതുമാണ് (ലൂക്കൊസ് 13:24; മത്തായി 7:13, 14 മായി താരതമ്യം ചെയ്യുക).
- രക്ഷിക്കപ്പെടുമെന്ന് കരുതുന്നവർ രക്ഷിക്കപ്പെടുകയില്ല (ലൂ ക്കൊസ് 13:25–27; മത്തായി 7:21–23 മായി താരതമ്യം ചെയ്യുക).
- (ജാതികൾ) രക്ഷിക്കപ്പെടുന്നത് അസാദ്ധ്യമാണെന്ന് യെഹൂദന്മാർ കരുതുന്നുണ്ടെങ്കിലും, ചിലർ രക്ഷിക്കപ്പെടും (ലൂക്കൊസ് 13:28–30; ഇത് മത്തായി 8:11, 12 മായി താരതമ്യം ചെയ്യുക).

രക്ഷിക്കപ്പെടേണ്ടവരുടെ, സംഖ്യക്കല്ല പ്രാധാന്യം മറിച്ച് ആ സംഖ്യയിൽ അയാൾ ഉണ്ടോ ഇല്ലയോ എന്നതാണ് ചോദ്യകർത്താവ് മനസിലാക്കാൻ ക്രിസ്തു ആഗ്രഹിച്ചത്.

**യേശുവിനുള്ള ഒരു മുന്നറിയിപ്പ് (ലൂക്കൊ. 13:31-35)**

"പരീശന്മാർ അടുത്തുവന്ന്, ഇവിടം വിട്ട് പൊയ്ക്കൊൾക; ഹെരോദാവ് നിന്നെ കൊല്ലുവാൻ ഇഛിക്കുന്നു" എന്ന് പറഞ്ഞു (വാ.31). അവർ പറഞ്ഞ ആപത്ത് വാസ്തവമായിരുന്നു. ഗലീലയിലെ പോലെ, പെരെയയിലേയും ഭരണാധികാരി അന്ന് ഹെരോദാവായിരുന്നു. പെരെയ ദേശത്തു വെച്ചായിരുന്നു യോഹന്നാൻ സ്നാപകനെ തടവിലാക്കി കൊന്നത്. കൂടാതെ, കഴിഞ്ഞ പാഠത്തിൽ നാം ശ്രദ്ധിച്ചതുപോലെ, ഹെരോദാവിൽ അനാരോഗ്യകരമായ ഉൽക്കണ്ഠ വളരുകയും അവൻ യേശുവിനെ അന്വേഷിക്കുകയും ചെയ്തിരുന്നു (മർക്കൊസ് 6:14; ലൂക്കൊസ് 9:9; 23:8).

എന്തുകൊണ്ടാണ് പരീശന്മാർ ക്രിസ്തുവിനോട് പൊയ്ക്കൊൾവാൻ മുന്നറിയിച്ചത്? ഒരിക്കലും അവന്റെ ക്ഷേമത്തെ ക്കുറിച്ച് അവർ കരുതിയതുകൊണ്ടായിരുന്നില്ല. അവർ പെരെയക്കാരായിരുന്നുവെങ്കിൽ, അവന് അവിടെ കുഴപ്പം ഇളക്കിവിടുന്നതിനുമുമ്പ് അവനെ അവിടന്നു മാറ്റുവാൻ ആഗ്രഹിച്ചിരിക്കാം. അവർ എവിടെ താമസിച്ചിരുന്നവർ ആയാലും, ന്യായാധിപസഭയുടെ ശക്തികേന്ദ്രമായ യഹൂദ്യയിലേക്ക് അവനെ കൊണ്ടുപോകാനായിരിക്കാം അവർ ആഗ്രഹിച്ചത്.

ഹെരോദാവിനെക്കുറിച്ച് അവൻ ഭയപ്പെട്ടിരുന്നില്ല എന്നാണ് യേശുവിന്റെ വാക്കുകൾ സൂചിപ്പിക്കുന്നത്, എന്നാൽ അവന്റെ മറുപടി കേട്ടപ്പോൾ ഒരു പക്ഷേ ഞെട്ടിയിരിക്കാം. അവൻ പറഞ്ഞു, "നിങ്ങൾ പോയി ആ കുറുക്കനോട്,[51] ഞാൻ ഇന്നും നാളെയും ഭൂതങ്ങളെ പുറത്താക്കയും രോഗശാന്തി വരുത്തുകയും മൂന്നാം നാളിൽ സമാപിക്കയുംചെയ്യും" (വാ.32) എന്നു പറവിൻ.[52] കൂടാതെ അവൻ പറഞ്ഞു "ഇന്നും നാളെയും മറ്റെന്നാളും ഞാൻ സഞ്ചരിക്കേണ്ടതാകുന്നു" (വാ.33). ഇതെല്ലാം പരോക്ഷമായി സൂചിപ്പിക്കുന്നത്, "ഹെരോദാവിന് പറയുവാനുള്ളത് എന്തായാലും – എനിക്ക് *ചെയ്യു*

*വാനുള്ള* പ്രവൃത്തി ഞാൻ പൂർത്തിയാക്കും," എന്നാണ്. പിന്നെ അവൻ കൂട്ടിച്ചേർത്തു, "യെരുശലേമിന് പുറത്തുവെച്ച് ഒരു പ്രവാചകൻ നശിച്ചു പോകുന്നത് അസംഭവ്യമല്ലോ എന്ന് പറവീൻ" (വാ.33). അതിലൽപം ഇരുണ്ട ഹാസ്യത്തിന്റെ അർത്ഥം, "പെരെയയിൽ എന്നെ കൊല്ലുവാൻ ശ്രമിക്കുന്ന ഹെരോദാവിനെ കുറിച്ച് ഭയപ്പെടേണ്ട, കാരണം ഞാൻ യെരുലേമിൽ മരി ക്കേണ്ടതാകുന്നു. യെരുശലേമിൽവെച്ചായിരുന്നു, ദൈവത്തിന്റെ അനേക പ്രവാചകന്മാരെ നിങ്ങൾ കൊന്നത്!" യെരുശലേമേ, യെരുശലേമേ എന്ന് നിലവിളിച്ചുകൊണ്ടായിരുന്നു ആ പ്രസ്താവന നടത്തിയത് (വാ.34,35).[53]

**ഉപസംഹാരം**

പണ്ടത്തെ കലക്ടർമാർ പഴയകാര്യങ്ങളെ അനുമോദിക്കുന്നവരാണ്. അവർ പറയുന്നത്, "പണ്ട് അവർ ചെയ്തിരുന്നത് പോലെയല്ല ഇന്ന് കാര്യ ങ്ങളെ ചെയ്യുന്നത്." മറ്റുള്ളവർ പുതിയ കാര്യങ്ങളെയാണ് ഇഷ്ടപ്പെടുന്നത്; അവർ ഏറ്റവും ആധുനികമായവയെയാണ് ഇഷ്ടപ്പെടുന്നത്. "പുതിയതാ ണെങ്കിൽ അതു നന്നായിരിക്കും" എന്നാണ് അവർ വിചാരിക്കുന്നത്. വാസ്ത വത്തിൽ, "പഴയകാര്യങ്ങൾക്കും പുതിയ കാര്യങ്ങൾക്കും" *രണ്ടിനും* സ്ഥാന മുണ്ട്. ഉദാഹരണത്തിന്, ഞാൻ ഡോക്ടറുടെ അടുത്തുപോകുമ്പോൾ അദ്ദേഹം എനിക്ക് ആധുനികമായ മരുന്ന് തരണമെന്നാണ് ഞാൻ ആഗ്രഹി ക്കുന്നത്. അതേസമയം, പണ്ട്-രോഗികളോട് പെരുമാറിയിരുന്നത് പോലെ പെരുമാറുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈപാഠത്തിൽ, യേശു "പഴയ" ഉപദേശത്തെ ആവർത്തിക്കുന്നതിനൊപ്പം പഴയ സത്യങ്ങളുടെ "പതിയ" ഉൾക്കാഴ്ചയും നൽകുന്നു. ദൈവവചനത്തെക്കുറിച്ചുള്ള മനോഹരമായ വസ്തുത എന്തെന്നാൽ പഴയതായിരിക്കുമ്പോൾതന്നെ അതെപ്പോഴും പുതി യതായിരിക്കണം!

**പ്രസംഗ കുറിപ്പുകൾ**

പ്രസംഗിക്കുവാൻ പല സാധ്യതകളും ഉള്ള വേദഭാഗങ്ങളായിരുന്നു നാം പഠിച്ചത്. ഭൗതികതയെക്കുറിച്ച് ക്രിസ്തു ഉപദേശിക്കുന്നത് (ലൂക്കൊസ് 12:13–34) എടുത്തുകൊണ്ട് "കാര്യങ്ങൾ നിങ്ങളെ തരം താഴ്ത്താതിരിക്കട്ടെ," എന്ന് ഒരു പ്രസംഗം തയ്യാറാക്കാം. മാനസാന്തരത്തേക്കാൾ കൂടുതൽ ആവ ശ്യമുള്ള പ്രസംഗം മറ്റൊന്ന് ഇല്ലായിരിക്കാം (ലുക്കൊസ് 13:1–5). ഫലം-കായ്ക്കുന്ന ക്രിസ്ത്യാനികളുടെ ഉത്തരവാദിത്വത്തെ കുറിച്ച് പ്രസം ഗിക്കുന്നതിന് ഫലം കായ്ക്കാത്ത അത്തിയുടെ ഉപമ നിങ്ങൾക്ക് ഉപയോ ഗിക്കാം (ലുക്കോസ് 13:6–9).

---

കുറിപ്പുകൾ

[1]ദൈവശ്വാസീയതയെ ത്യജിക്കുന്ന ചിലർ പറയുന്നത് സുവിശേഷവിവരണ എഴു ത്തുകാർ യേശു പഠിപ്പിച്ചതായ അതും ഇതും തെറ്റിദ്ധരിക്കപ്പെട്ടിരുന്നു എന്നാണ്. അവർ പറയുന്നത് ക്രിസ്തു ഒരു ഉപദേശം രണ്ടു പ്രാവശ്യം പഠിപ്പിച്ചില്ല എന്നാണ് – എങ്കിലും അവർ തങ്ങളുടെ വിഷയങ്ങൾ ആവർത്തിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നു. കൂടാതെ ദൈവം പത്തു കല്പനകൾ ആവർത്തിച്ചു കൊടുത്തിരുന്നു. (പുറപ്പാട് 20; ആവർത്തനപുസ്തകം

5). പിതാവ് അങ്ങനെ ചെയ്തു എങ്കിൽ പുത്രന് എന്തു കൊണ്ട് ചെയ്തുകൂടാ? [2]ഈ ചിത്രീകരണം "അവൻ പലതും ... ഉപമകളിൽ സംസാരിച്ചു," എന്ന പാഠം *ക്രിസ്തുവിന്റെ ജീവിതം*, 3 ലേത് നോക്കുക. [3]"നമുക്ക് 'ജീവിതം' എന്നതിന് ഒരു വാക്കാണുള്ളത് ഗ്രീക്കിൽ രണ്ട്–ഒന്ന് *ധബയോസ്* പ എന്നത് *നാം ജീവിക്കുന്ന ജീവിതത്തെയാണ്* ധനികമായി പ്രകടിപ്പിക്കുന്നത്, *ധസോാപ* എന്നാൽ മറ്റൊന്ന് *നാം ജീവിക്കുന്ന ജീവിതത്തെയാണ്* പ്രകടമാക്കുന്നത്. ആ വാക്കാണ് ക്രിസ്തു ഇവിടെ ഉപയോഗിച്ചത്." (റിച്ചാഡ് സി. ട്രഞ്ച് , *നോട്ട്സ് ഓൺ ദ പാരബിൾസ് ഓഫ് അവർ ലോഡ്* ധവെസ്റ്റ്വുഡ്, എൻ. ജെ ഫ്ളെമിങ് എച്ച്. റവൽ കമ്പനി., 1953പ, 338; എംഫസിസ് ഹിസ്). [4]ഡബ്ല്യു. ഇ. വൈൻ, *"പ്ലീനെക്സിയ," ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യൂ ടെസ്റ്റമെന്റ് വേഡ്സ്,* എഡി. ജോൺ ആർ. കോലെൻബർഗർ കകക വിത്ത് ജെയിംസ് എ. സ്വാൻസൺ (മിന്നേപൊലിസ്: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 245. [5]ഈ ഉപമയുടെ വിശദീകരണത്തിന് ഈ പുസ്തകത്തിൽ ഉള്ള "വിജയകരമായ ഒരു വ്യാപാരിയുടെ തെറ്റുകൾ" എന്ന പാഠം നോക്കുക. [6]ലൂക്കൊസ് 6 ൽ മലമ്പ്രസംഗത്തിലെ അധിക ഭാഗവും ലൂക്കൊസ് രേഖപ്പെടുത്തിയിട്ടുണ്ട്, ശേഷിച്ച ഭാഗം കർത്താവ് അടിസ്ഥാന ചിന്തകൾ ആവർത്തിക്കുന്നതുവരെ അവൻ രേഖപ്പെടുത്തിയില്ല. ലൂക്കൊസ് 12:22–31 മത്തായി 6:25–34; ലൂക്കൊസ് 12:33, 34; മത്തായി 6:19–21 മായി താരതമ്മ്യം ചെയ്യുക. [7]ദൈവം അവർക്ക് രാജ്യം കൊടുത്തു; ക്രിസ്തുവിന്റെ മരണം, അടക്കം, ഉയർത്തെഴുന്നേല്പ് എന്നിവക്കുശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തുനാളിൽ രാജ്യം/സഭ ആരംഭിച്ചു (പ്രവൃത്തികൾ 2). [8]1 തിമൊഥെയൊസ് 6:17–19 നോക്കുക, യേശു പിന്നീട് ഈ കല്പന ഒരു ധനികയുവാവിനു നൽകുകയുണ്ടായി (മത്തായി 19:21 നോക്കുക). [9]ഈ ചിത്രീകരണം എടുത്തിരിക്കുന്നത് അഗസ്റ്റിൻ ബൈ ട്രെഞ്ച് 341ൽ നിന്നാണ്. [10]കെജെവി നോക്കുക.

[11]നെയിൽ ആർ. ലൈറ്റ്ഫുട്ട്, *ദ പാരബിൾസ് ഓഫ് ജീസസ്,* പാർട്ട് 1 (ആസ്റ്റിൻ ടെക്സ്.:ആർ.ബി.സ്വീറ്റ്, കമ്പനി.,1963), 74. [12]കർത്താവിന്റെ രണ്ടാം വരവിനെ കുറിച്ചുള്ള വ്യക്തമായ രണ്ടാമത്തെ സൂചനയായി ഇതിനെ കണക്കാക്കാം. ഒന്നാമത്തേത് മത്തായി 16:27 ലാണ്. [13]യേശു "പാരബിൾ" എന്ന വാക്ക് ഉപയോഗിച്ചില്ല, പക്ഷെ പത്രൊസ് ഉപയോഗിച്ചു (ലൂക്കൊസ് 12:41). നാം സാധാരണ ചിത്രീകരണം എന്നു പറയുന്നതുപോലെ ആണ് പുതിയ നിയമത്തിൽ ചില–പ്പോൾ "ഉപമ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. [14]പ്രഖ്യാപിക്കപ്പെടാത്ത കള്ളന്റെ ചിത്രീകരണം യേശു മത്തായി 24:43–ൽ ആവർത്തിക്കുകയുണ്ടായി. കർത്താവ് വീണ്ടും വരുന്ന സമയം കണക്ക് കൂട്ടുന്നവർ ഈ ചിത്രീകരണകാര്യത്തിൽ നിശബ്ദരായിരിക്കുന്നു. [15]അതേ അടിസ്ഥാന സന്ദേശം പിന്നീട് നൽകുന്നതു നമ്മെ ഓർമ്മിപ്പിക്കുന്നതാണ് വിളക്കുകളുടേയും കല്യാണവിരുന്നിന്റേയും സൂചന (മത്തായി 25:1–13). [16]തന്റെ ഭൗമികശുശ്രൂഷയുടെ അവസാന ആഴ്ചയിൽ ക്രിസ്തു വീണ്ടും ഈ ചിത്രീകരണം നൽകി (മത്തായി 24:45–51). [17]ലൂക്കൊസ് 12:46, അനുസരിച്ച്, യജമാനൻ "ധഅവിശ്വസ്തരായ കാര്യവിചാരകന്മാരെപ കഷണങ്ങളായി ഛേദിച്ചുകളയും." ഇതു ഗ്രീക്കു വേദപുസ്തകത്തിൽ നിന്ന് അക്ഷരീകമായി ചേർത്തതാണ്, എന്നാൽ ആ പ്രസ്താവനയുടെ അർത്ഥം അക്ഷരീകമായി മനുഷ്യ ശരീരത്തെ നുറുക്കുന്നതായി എടുക്കരുത് (വാക്യത്തിന്റെ അടുത്തഭാഗം എടുത്താൽ, അംഗഭംഗം വരുത്തുന്നത് അസംഭവ്യമാണ്.) ഒരുപക്ഷെ അവിടെ സൂചിപ്പിച്ചിരിക്കുന്നത് ശരീരത്തിനേൽപ്പിക്കുന്ന കഠിന ദണ്ഡനമാകാം (വാ.47 നോക്കുക), അത് "ധഅവന്റെ പുറംപനുറുക്കുക." [18]ലുക്കോസ് 12:47,48 ലെ വാക്കുകൾ കർത്താവ് ഉദ്ദേശിച്ചതിൽ നിന്നും അപ്പുറമായി ഊന്നൽ കൊടുത്തിരിക്കുന്നു, *അക്ഞതക്ക്* വിലയുണ്ടെന്ന് നാം ഒരുപക്ഷെ വിചാരിച്ചേക്കാം, അത് അവാസ്തവമാണ് (യോഹന്നാൻ 8:32; പ്രവൃത്തികൾ 17:30 നോക്കുക). [19]ദൈവം നമ്മെ അനു

ഗ്രഹിച്ചിരിക്കുന്നതിന്റെ ലിസ്റ്റുകൾ നിങ്ങൾക്ക് വേണമെങ്കിൽ തയ്യാറാക്കാം. ആ അനുഗ്രഹങ്ങളോടൊപ്പം ഉത്തരവാദിത്വങ്ങളും ഉൾപ്പെടുന്നു. കർത്താവ് നിങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ തരുന്നതായി ഈ പാഠം വ്യക്തമാക്കുന്നു. [20]മർക്കോസ് 10:38,39 നോക്കുക. “സ്നാനം” എന്ന വാക്കിന്റെ അക്ഷരീക അർത്ഥം “മുങ്ങൽ” എന്നാണ്. മുഴുകൽ സൂചിപ്പിക്കുന്നതിന് ഉപയോഗിച്ച വാക്കാണ് “സ്നാനം.” ക്രൂശിൽ, കർത്താവ് കഷ്ടതയിൽ *നിമഞ്ജനം* ചെയ്യപ്പെട്ടു.

[21]എ. റ്റി റോബർട്ട്സൺ, *എപോക്സ് ഇൻ ദ ലൈഫ് ഓഫ് ജീസസ്സ്* (ലണ്ടൺ: ഹൊടെർ ആന്റ് സ്റ്റോക്ടൻ,എൻ.ടി.), 127; ക്വോട്ടഡ് ഇൻ റോബർട്ട് ടൻങ്കൻ കൽവെർ, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപിട്സ്,മൈക്ക്.:ബേക്കർ ബുക്ക് ഹൗസ്, 1976), 179. [22]മറ്റുള്ളവരുമായി കൂടുതൽ സമാധാനത്തിൽ കഴിയുവാൻ താഴെ കൊടുത്തിരിക്കുന്ന വേദഭാഗം നോക്കുക: മത്തായി 5:9; റോമർ 12:18; 14;19; 1 തെസ്സലൊനീക്യർ 5:13; യാക്കോബ് 3:17; 1 പത്രോസ് 3:11. [23]ഇത്തരത്തിലുള്ള പോരാട്ടത്തെക്കുറിച്ചറിയുവാൻ, *ക്രിസ്തുവിന്റെ ജീവിതം 2*ൽ വരുന്ന “നമ്മുടെ രണ്ട് കുടുംബങ്ങൾ” എന്ന പാഠം നോക്കുക. [24]ഈ ആപത്തിനെ കുറിച്ചുള്ള വാർത്ത യേശുവിന്റെ സ്ഥലത്ത് എത്തിയിരിക്കാം. പലർക്കും നിത്യമായ സത്യങ്ങളെക്കാൾ വർത്തമാനകാല വാർത്തകളാണ് ഇഷ്ടം. ഗലീലക്കാർ യാഗം കഴിച്ചപ്പോൾ പിലാത്തോസ് അവരെ കൊന്നതിന്റെ കാരണം ജോം എഫ്. കാർട്ടർ ഊഹിക്കയുണ്ടായി: “അവർ റോമിനെതിരായി മത്സരിക്കുകയായിരുന്നോ? അത്തരം മത്സരത്തിൽ തങ്ങളെത്തന്നെ സമർപ്പിച്ച് ദഹനയാഗം നടത്തുകയായിരുന്നോ? അവരിൽ കുറ്റം ഇല്ലായിരുന്നു എങ്കിൽ പീലാത്തോസ് അവരുടെ പ്രവൃത്തികളെ സംശയിക്കുകയായിരുന്നോ?” *ധജോൺ ഫ്രാങ്ക്ളിൻ കാർട്ടർ, എ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പൽസ്* ധനാഷ് വിലെ: ഗ്രോട്ട് മാൻപ്രസ്സ 1961 പ, 205 പ. [25]“ശലോമോന്റെ മണ്ഡപം” യെരുശലേമിലെ ശീലോഹാം കുളത്തിനു അടുത്തായിരുന്നു, എന്നാൽ ദൈവശ്വാസീയമായതോ അല്ലാത്തതോ ആയ രേഖകളിൽ അതു കാണുന്നില്ല. [26]ഒരു കുരുടനായ മനുഷ്യനെക്കുറിച്ച് ഇതേ ചോദ്യം ഉയരുകയുണ്ടായത് യോഹന്നാൻ 9:2 ലാണ്. [27]ഇത് സൂചിപ്പിക്കുന്ന വസ്തുത എന്തെന്നാൽ ഒരു അത്തിവൃക്ഷം ഫലം–കായ്ക്കുന്നതിന് മൂന്ന് വർഷം വേണ്ടിവരും എന്നാണ്. [28]ഒരു വർഷം കൂടെ എന്നത് അക്ഷരീകമായിഎടുത്താൽ, ക്രിസ്തുവിന്റെ ഭൗമീക ശിശ്രൂഷയുടെ അവസാന മാസങ്ങളിൽ നടന്നതും, യെരുശലേമിൽ സഭ ആരംഭിച്ചതും ഉൾപ്പെടുന്നു. [29]യെഹൂദദേശം യേശുവിനെ തള്ളിക്കളഞ്ഞതിന്റെ പരിണിതഫലം എ.ഡി.70, ൽ ഉച്ചസ്ഥായിയിൽ എത്തി. യെരുശലേം റോമിനാൽ നശിപ്പിക്കപ്പെട്ടു. ഈസമയത്ത് ക്രിസ്തുവിന്റെ മനസ്സിൽ ആ നാശമായിരുന്നു ഉണ്ടായിരുന്നത് എന്ന് തോന്നുന്നു (ലൂക്കോസ് 12:34, 35). [30]നമ്മിൽ ഓരോരുത്തരും “ഫലം–കായ്ക്കുന്നവർ” ആകുവാനാണ് ദൈവം ആഗ്രഹിക്കുന്നത് (മത്തായി 7:20; റോമർ 7:4; ഗലാത്യർ 5:22, 23; ഫിലിപ്പിയർ 1:11; തീത്തോസ് 3:14).

[31]അവൾക്ക് നട്ടെല്ലിൽ കുഴപ്പം ഉണ്ടായിരുന്നു. വേദഭാഗം പറയുന്നത് അവളിൽ “അശുദ്ധാത്മബാധ” ഉണ്ടായിരുന്നു എന്നാണ് (അക്ഷരീകമായി ഗ്രീക്കിൽ ചേർത്തിരിക്കുന്നത് വാ.11; കെജെവി നോക്കുക), “സാത്താനാൽ ബന്ധിക്കപ്പെട്ടു എന്നാണ് യേശു പറഞ്ഞത്” (വാ.16). അതിന്റെ അർത്ഥം ഭൂത–ബാധ ഉണ്ടായിരുന്നു എന്നാണ് , എന്നാൽ യേശു സൗഖ്യമാക്കുന്നതും വിവരിക്കുന്ന രോഗവും വ്യക്തമാക്കുന്നത് അവൾക്ക് ശാരീരികമായ കുഴപ്പം ഉണ്ടായിരുന്നു എന്നാണ്. പൗലോസിന്റെ “ജഡത്തിലെ മുള്ള്” “സാത്താന്റെ ഒരു ദൂതൻ” ആയിട്ടാണ് പറഞ്ഞത് (2 കൊരിന്ത്യർ 12:7) എന്നാൽ പൗലോസിന് ഭൂത–ബാധ ഇല്ലായിരുന്നു. [32]ഇത് അത്തരത്തിലുള്ള അഞ്ചാമത്തെ വിവാദമായി കണക്കാക്കാം. *ക്രിസ്തുവിന്റെ ജീവിതം,* 2 എന്ന പുസ്തകത്തിലെ, “കാറ്റുശേഖരിക്കൽ” എന്ന പാഠത്തിൽ ആദ്യത്തെ മൂന്നും പറഞ്ഞിരിക്കുന്നു. നാലാമത്തേത് ഈ പുസ്തക

ത്തിൽ മുമ്പ് വന്നതായ "ഞാൻ കുരുടൻ ആയിരുന്നു, എന്നാൽ ഇപ്പോൾ കാണുന്നു" എന്ന പാഠത്തിൽ യോഹന്നാൻ 9ൽ കുരുടനെ സൗഖ്യമാക്കിയതിൽ കാണാം. [33]യേശു മുൻപ് ഉപയോഗിച്ച ഉപമകൾ വാസ്തവമായതുകൊണ്ട്, ലൂക്കൊസ് 13:18–21 തന്റെ ശത്രുക്കളുടെ *സ്വാധീന*ത്തിൽ കുടുങ്ങരുതെന്നു തന്റെ ശ്രോതാക്കളെ മുന്നറിയിക്കുന്നതാകാം. എങ്ങനെയായാലും, വീണ്ടും, സന്ദർഭം കൂടുതൽ ക്രിയാത്മകമായ പ്രായോഗികത നല്കുകയാണെന്നു തോന്നുന്നു. [34]*ക്രിസ്തുവിന്റെ ജീവിതം,* 1 ലെ "യെഹൂദന്മാരുടെ പെരുന്നാളുകൾ" എന്ന ചാർട്ട് നോക്കുക. [35]ഉപയോഗിക്കാവുന്ന മറ്റൊരു വാക്ക് ദൈവാലയത്തിന്റെ "പുനപ്രതിഷ്ഠ" എന്നതാണ്. "അഭയസ്ഥാന ശുദ്ധീകരണത്തെ" കുറിച്ച് ദൈവശ്വാസിയമല്ലാത്ത ഉറവിടം പറയുന്നു (2 മെക്കാബിയർ 10:5). [36]യെഹൂദ ഇതിഹാസമനുസരിച്ച്, പുതിയ എണ്ണ ശേഖരിക്കുന്നതുവരെ എട്ടുദിവസം കത്തേണ്ടതിനു ആവശ്യമായ എണ്ണ ഒരു ദിവസം നൽകിയിരുന്നു. ഇന്ന് ആ ഉൽസവത്തെ പെരുന്നാളുകളുടെ ഉൽസവം എന്നറിയപ്പെടുന്നു. പെരുന്നാളിന്റെ ചിഹ്നം എട്ട്-ശാഖകളുള്ള കാന്റെ ലെബ്റ (ഒരു മെനോര) ആയിരുന്നു. പെരുന്നാളിൽ ഓരോ ദിവസവും കത്തിക്കുന്ന മെഴുകുതിരി തീരുമ്പോൾ മറ്റൊന്നുകൂടെ കൊണ്ടുവെച്ച് രാത്രിയും കത്തിക്കൊണ്ടിരിക്കും. [37]പിന്നീട് പത്രൊസ് തന്റെ രണ്ടാമത്തെ പ്രസംഗം അവിടെവെച്ച് നടത്തുന്നുണ്ട് (പ്രവൃത്തികൾ 3:11). പിന്നീട് അതു യെരുശലേമിലെ ക്രിസ്ത്യാനികൾക്ക് കൂടിവരുവാനുള്ള സ്ഥലമായി മാറി (പ്രവൃത്തികൾ 5:12). യെഹൂദപാരമ്പര്യമനുസരിച്ച്, ശലോമോൻ ആദ്യം പണിത ദൈവാലയത്തിലെ ശലോമോന്റെ മണ്ടപത്തിന്റെ ചുമർ അപ്പോഴും ഉണ്ടായിരുന്നു (പ്രവൃത്തികൾ 3:11 "ശലോമോന്റെ *മണ്ഡപത്തെ-കുറിച്ച്*" പറയുന്നു). [38]*ക്രിസ്തുവിന്റെ ജീവിതം*, 1ലെ ദൈവാലയത്തിന്റെ ആകൃതി കാണിച്ചിരിക്കുന്നത് നോക്കുക. [39]യോഹന്നാന്റെ പുസ്തകത്തിൽ ഈ ഭാഗത്ത് "യെഹൂദന്മാർ" എന്നു പറഞ്ഞിരിക്കുന്നതു (യോഹന്നാൻ 10:24) യെഹൂദ*പ്രമാണിമാരെ*യാണ്. [40]ഉദാഹരണത്തിന്, ദാനിയേൽ മശിഹക്ക് ഉപയോഗിച്ച "മനുഷ്യപുത്രൻ" എന്ന വാക്കാണ് അവൻ പലപ്പോഴും ഉപയോഗിച്ചത് (മത്തായി 8:20; 9:6; 10:23; 12:8). അവൻ ക്രിസ്തു/ദൈവം/ദൈവപുത്രൻ ആണെന്ന് പറഞ്ഞതു യെഹൂദപ്രമാണിമാർക്ക് മനസിലായിരുന്നു (യോഹന്നാൻ 5:18 നോക്കുക). എങ്കിലും, അത് അവൻ "തുറന്ന്" പരസ്യമായിപറയണമെന്ന് അവർ ആഗ്രഹിച്ചു. അവൻ ക്രിസ്തുവാണെന്ന് പറഞ്ഞാൽ അവനെ മരണത്തിനു ഏല്പിക്കാമെന്ന് അവർ കരുതി.

[41]*രഹസ്യമായി,* താൻ "ക്രിസ്തു" ആണെന്ന് അവൻ സമ്മതിക്കയുണ്ടായി (മത്തായി 16:16, 17, 20). യേശുവിനു "ക്രിസ്തു" എന്ന പദവി ഉണ്ടായിരുന്നു എന്നതിന്റെ ഉദാഹരണത്തിന് നമ്മുടെ പഠനത്തിൽ നോക്കുക, മർക്കൊസ് 9:41; ലൂക്കൊസ് 2:11, 26; യോഹന്നാൻ 1:41; 4:25, 29; 9:22. [42]തന്റെ ശത്രുക്കളുമായി നേരിട്ട് ഏറ്റുമുട്ടി ഉടനെ മരണം സംഭവിക്കാതിരിക്കേണ്ടതിനായിരുന്നു അവൻ പരോക്ഷസമീപനം സ്വീകരിച്ചത്. [43]ക്രമേണ, ആണയോടുകൂടി അവൻ ക്രിസ്തു ആണെന്ന് സമ്മതിക്കുവാൻ അവർ അവനെ നിർബ്ബന്ധിച്ചു. പിന്നെ അവർ അവനിൽ ദൈവദൂഷണം എന്ന കുറ്റം ചുമത്തി അവനെ മരണത്തിന് ഏല്പിച്ചുകൊടുത്തു (മത്തായി 26:63–68). [44]"വിശ്വാസത്യാഗം" അസാധ്യമാണെന്ന് തെളിയിക്കുന്നതിനു ചിലപ്പോൾ യോഹന്നാൻ 10:28, 29 ഉപയോഗിച്ചിട്ടുണ്ട്. ദൈവം തന്റെ ആടുകളെ കുറിച്ച് കരുതുന്നു എന്നതിനാണ് ഈ വേദഭാഗത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത്. ഇതു മനുഷ്യന്റെ സ്വതന്ത്രചിന്താഗതിയെ എടുത്തുകളയുന്നില്ല. ആടുകൾക്ക് വേലി ചാടുവാൻ കഴിവുള്ളതുപോലെ, ആളുകൾക്ക് ദൈവത്തിന്റെ സുരക്ഷിത വലയത്തിൽനിന്നു പുറത്തു ചാടുവാൻ കഴിയും. ദൈവപൈതലിനു തെറ്റുപറ്റുകയില്ല എന്നു ആ വേദഭാഗം പറയുന്നില്ല (1 കൊരിന്ത്യർ.10:13). അവിടെ പഠിപ്പിക്കുന്നത് എന്തെന്നാൽ നാം ദൈവത്തിന്റെ സുരക്ഷിതവലയത്തിൽ തന്നെ നിൽക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആരും നമ്മെ "വലിച്ച്" കൊണ്ടുപോകുകയില്ല. [45]സങ്കീർത്തനങ്ങൾ 82:6 ഉം യോഹ

ന്നാൻ 10:34 ഉം എടുത്തുകൊണ്ട് മോർമോൺകാർ പറയുന്നത് നാം ആരാധിക്കുന്ന ദൈവം മുൻപ് നമ്മെപോലെ (അതായതു, മനുഷ്യൻ) ആയിരുന്നതുകൊണ്ട് നമുക്ക് ദൈവത്തെപോലെ ആകാം (അതായത്, ദേവന്മാർ). നിശ്ചയമില്ലാത്തതും വാദിക്കാവുന്നതുമായ വേദഭാഗത്തിന് ഇത് ഉദാഹരണമാണ്. ദൈവം അതുകൊണ്ട് തന്റെ ഹിതം വെളിപ്പെടുത്തിയിട്ടില്ല എന്ന് അവർ പറയുന്നു. [46]വാക്യം 35ലെ ഈ വാക്കുകൾ അടിവരയിടുക:"തിരുവെഴുത്തുകളെ മുറിക്കാവുന്നതല്ല." അതിനർത്ഥം ദൈവശ്വാസിയവാക്കുകളെ മാറ്റുവാനോ അതിൽനിന്ന് എടുത്തുകളവാനോ പാടില്ല. അവിശ്വാസമുള്ള ലോകം ഇതു മനസിലാക്കണം! [47]അവസാനം പെസഹക്കു മടങ്ങിവരികയും മരണം സംഭവിക്കയും ചെയ്യുന്നതിനു മുൻപുള്ള അവന്റെ അവസാനയെരുശലേം സന്ദർശനമായിരുന്നു അത്. [48]ഈ പുസ്തകത്തിൽ കാണുന്ന "യേശുവിന്റെ ശുശ്രൂഷക്കിടയിലെ പാലസ്തീൻ" എന്ന ഭൂപടം നോക്കുക. [49]യെഹൂദ്യയിലെ ബെഥാന്യയിലേക്ക് അവൻ വീണ്ടുമൊരു യാത്ര നടത്തി (യോഹന്നാൻ 11). അവൻ പാലസ്തീനിലെ മറ്റു പ്രദേശങ്ങളും സന്ദർശിച്ചിരിക്കാം (പാലസ്തീനിന്റെ ഭൂപടം നോക്കുക, പെരയയിൽനിന്ന് ഒരാൾക്ക് യോർദ്ദാൻ കടന്ന് പാലസ്തീന്റെ മറ്റു ഭാഗങ്ങളിലേക്കു പോകാം). എങ്ങനെയായാലും, അവൻ തന്റെ സമയത്തിൽ ഭൂരിഭാഗവും പെരയയിലാണ് ചെലവിട്ടത്. ഈ ശുശ്രൂഷയെ കുറിച്ച് നാല് സുവിശേഷവിവരണങ്ങളിലും പറയുന്നുണ്ട് (മത്തായി 19:1, 2; മർക്കൊസ് 10:1; യോഹന്നാൻ 10:40), എന്നാൽ ഈ ശുശ്രൂഷയുടെ പ്രാഥമികമായ വിവരം നാം ലൂക്കൊസിൽ നിന്നാണ് എടുത്തിരിക്കുന്നത്. [50]യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയെ കുറിച്ചുള്ള വിശദാംശങ്ങൾ ചേർത്ത ഈ പ്രസ്താവന മറ്റൊരിടത്തുമില്ല: അവൻ അത്ഭുതമൊന്നും ചെയ്തിട്ടില്ല.

[51]അമേരിക്കയിൽ, ഞങ്ങൾ പറയും: "സ്ലൈ ആസ് എ ഫോക്സ്." ഹെരോദാവിനെ കുറിച്ച് അത് നല്ലൊരു വിവരണമാണ്. മെക്ഗാർവേ പറയുന്നതനുസരിച്ച് "നിന്ദാസ്വഭാവമായി പറഞ്ഞ യേശുവിന്റെ രേഖപ്പെടുത്തിയ ഏക വാക്കാണിത്." (ജെ. ഡബ്ല്യൂ. മെക്ക്ഗാർവേ ആന്റ് ഫിലിപ്പ് വൈ. പെന്റ്ലെറ്റൻ. *ദ ഫോർഫോൾഡ് ഗോസ്പൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പൽ* ധസെൻസ്നാറ്റി: സ്ററ്റാന്റേർഡ് പബ്ളിഷിംഗ് കമ്പനി. 1914 പ 710). [52]"ഐ റീച്ച് മൈ ഗോൾ " എന്നതിനു പകരം കെജെവിയിൽ "ഐ ഷാൽ ബി പെർഫെക്റ്റെട്" ആണ്. "പെർഫക്റ്റട്" എന്നതിന് ഗ്രീക്കുവാക്കിൽ അർത്ഥം "എന്റ്" അല്ലെങ്കിൽ "കംബ്ളീറ്റട്" എന്നാണ്. ഇതേ വാക്കാണ് ക്രൂശിൽവെച്ച് യേശു പറഞ്ഞതിന് ഉപയോഗിച്ചത് "നിവൃത്തിയായി!" (യോഹന്നാൻ 19:30). അവന്റെ മരണവും അതിൽനിന്ന് നേടുന്നതൊക്കേയും ഉൾപ്പെടുത്തിക്കൊണ്ടാണ് എൻഎഎസ്ബിയിൽ "ഗോൾ" എന്ന് പറഞ്ഞിരിക്കുന്നത്. [53]ആ ഉറച്ച നിലവിളി മത്തായി 23:37–39 ൽ ആവർത്തിച്ചിരിക്കുന്നു.